**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : **4436**

21.03.2018 ൽ
മറുപടിയ്ക്ക്

# തൃശ്ശൂർ ജില്ലയിലെ പോലീസ് സ്റ്റേഷനുകളിൽ ജനമൈത്രി അക്ഷയ കേന്ദ്രങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) തൃശ്ശൂർ ജില്ലയിലെ ഒൻപത് പോലീസ് സ്റ്റേഷനുകളിൽ ജനമൈത്രി പോലീസിന്റെ ഹെൽപ്പ് ഡെസ്കായി പോലീസ് സ്റ്റേഷൻ കോമ്പൗണ്ടുകളിൽ 2012 ൽ പ്രവർത്തനം ആരംഭിച്ച ജനമൈത്രി അക്ഷയ കേന്ദ്രങ്ങൾ നിർത്തലാക്കുന്നതിന് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന് കാരണം വ്യക്തമാക്കാമോ ;<br><br>(ബി) ഇവ തുടർന്നുകൊണ്ടു പോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (എ) യും (ബി) യും പോലീസ് സ്റ്റേഷനുകളിലെ സ്ഥലപരിമിതിയും അസൗകര്യങ്ങൾ മൂലവും, സ്റ്റേഷനുകൾ അതീവ സുരക്ഷിതത്വം ആവശ്യമുള്ള മേഖലയായതിനാലും അക്ഷയ കേന്ദ്രങ്ങൾ സ്റ്റേഷൻ കോമ്പൗണ്ടിൽ നിന്നും മാറ്റി സ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നും ആയതിനു നടപടി സ്വീകരിക്കണമെന്നും സംസ്ഥാന പോലീസ് മേധാവി ആവശ്യപ്പെട്ടിരുന്നു. ടി ആവശ്യം പരിഗണിച്ച് പ്രസ്തുത കേന്ദ്രങ്ങൾ മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് വിവര സാങ്കേതിക വകുപ്പ് തൃശ്ശൂർ ജില്ലാ അക്ഷയ പ്രോജക്ട് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ